KOLLAM CITY POLICE
www.kollamcity.keralapolice.gov.in
Deted : 25.02.2017

# കൊല്ലം ജില്ല പോലീസ് കായിക മാമാങ്കം

കൊല്ലം: കൊല്ലം സിറ്റി പോലീസ് മേധാവിയുടെ നിർദ്ധേശപ്രകാരം കൊല്ലം സിറ്റി പോലീസ് പരിധിയിലെ സേനാംഗങ്ങളുടെയും ഒഫീസ് സ്റ്റാഫിന്റേയും ശാരീരിക മാനസിക ക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാകായിക മേള നടത്തുവാൻ തീരുമാനിച്ചി രിക്കുകയാണ് മേളയുടെ ഭഗമായി നടത്തപ്പെടുന്ന മത്സരങ്ങളെല്ലാം തന്നെ ജോലിക്കിടയിൽ മരണപ്പെട്ട സേനാംഗങ്ങളുടെ സ്മരണാർത്ഥം സംഘടിപ്പിച്ചിരിക്കുകയാണ്. ക്രിക്കറ്റ് മത്സരം സജി സെബാസ്റ്റ്യൻ മെമ്മോറിയൽ ട്രോഫിക്കു വേണ്ടിയും മണിയൻപിള്ള മെമ്മോറിയൽ ട്രോഫിക്കു വേണ്ടി ഫുട്ബോൾ മത്സരവും വോളിബോൾ മത്സരം സുനിൽ മെമ്മോറിയൽ ട്രോഫിയ്ക്ക് വേണ്ടിയും പ്രദീപ് മെമ്മോറിയൽ ട്രോഫിക്കു വേണ്ടി ഷട്ടിൽ ടൂർണമെന്റും നടക്കുന്നു.



ആദ്യഘട്ടത്തിൽ സജി സെബാസ്റ്റ്യൻ മെമ്മോറിയൽ ട്രോഫിക്കു വേണ്ടിയുള്ള ക്രിക്കറ്റ് മത്സരം 25.02.2017 വൈകിട്ട് 04.00 മണിക്ക് ബഹു മാനപ്പെട്ട കൊല്ലം സിറ്റി പോലീസ് കമ്മീഷണർ സതീഷ് ബിനോ IPS അവർകൾ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ക്രിക്കറ്റ് മത്സരത്തിന്റെ ഫൈനൽ 05.03.2017 ചാത്തന്നൂർ സബ്ഡിവിഷനിൽ വച്ച് നടക്കും.

. .